LIBRARY ARCHIVES Kerala Legislative Assembly

സുനാമിയെ തുടർന്ന് ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ മരണമടഞ്ഞ മലയാളികൾ

105 [2172] ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
ശ്രീമതി മേഴ്സി രവി:
ശ്രീ. എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഡിസംബർ 26-ാം തീയതി ഉണ്ടായ സുനാമിയെ തുടർന്ന് ആൻഡമാൻ നിക്കോബാർ ദ്വീപ സമൂഹങ്ങളിലെ എത്ര മലയാളികളോ, മലയാളി വംശജരോ ആണ് മരണപ്പെട്ടത്;

(ബി) എത്ര പേർക്ക് വീടും, സമ്പാദ്യവും നഷ്ടപ്പെട്ടു;

(സി) ഗവൺമെന്റ് ഇവർക്കുവേണ്ടി എന്തെല്ലാം സഹായങ്ങൾ ചെയ്തു;

(ഡി) ഇവരെ സഹായിക്കുവാൻ ഗവൺമെന്റിന് എന്തെല്ലാം പരിപാടികളുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആൻഡമാൻ നിക്കോബാർ ദ്വീപ സമൂഹങ്ങളിൽ താമസിച്ചിരുന്ന 3 കൊല്ലംജില്ലാ സ്വദേശികൾ മരണപ്പെട്ടതായും, 5 ആലപ്പുഴജില്ലാ സ്വദേശികളെ കാണായതായും ജില്ലാ കളക്ടർമാർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

(ബി) കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

(സി ആന്റ് ഡി) കേരളത്തിന് പുറത്ത് താമസിച്ചിരുന്നവരും അവർ താമസിച്ച സ്ഥലത്തു വച്ച് ദുരന്തംമൂലം മരിച്ചവരുമായ മലയാളികളുടെ അവകാശികൾക്കോ ആശ്രിതർക്കോ ആനുകൂല്യങ്ങൾ നൽകുന്നതിനെ സംബന്ധിച്ച് പൊതുവായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

സെമിത്തേരി തകർന്നതിന് നഷ്ടപരിഹാരം

106 [2173] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ല കൊയിലാണ്ടി താലൂക്ക് പനങ്ങാട് പഞ്ചായത്തിലെ വയലടയിൽ 2004-ലെ കാലവർഷക്കെടുതിമൂലം ആർ. സി. പള്ളിയിലെ സെമിത്തേരി പൂർണ്ണമായി തകർന്നുപോയ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) എങ്കിൽ എത്ര സ്ഥലമാണ് നഷ്ടമായത് എന്നും, ഇതിന് എത്ര രൂപ മതിപ്പ് വില വരുമെന്നും വെളിപ്പെടുത്താമോ;

(സി) കാലവർഷക്കെടുതിമൂലം ഉണ്ടാകുന്ന നഷ്ടം നികത്തുന്ന പദ്ധതി പ്രകാരം പള്ളിയുടെ സെമിത്തേരി തകർന്നത് സംബന്ധിച്ച് എന്ത് സഹായമാണ് നൽകിയത്;

(ഡി) ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഞ്ച് ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായി പൊതുമരാമത്ത് വകുപ്പ് കണക്കാക്കിയിട്ടുണ്ട്.

(സി ആന്റ് ഡി) ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ അടുത്ത സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗിൽ നിർദ്ദേശം സമർപ്പിക്കാൻ ഉത്തരവായിട്ടുണ്ട്.

കരിമണൽ ഖനനം സുനാമി ആഘാതം വർദ്ധിപ്പിക്കുമോ എന്നത് പഠിക്കുവാൻ വിദഗ്ദ്ധ സമിതി

107 [2174] ശ്രീ. ഷിബു ബേബിജോൺ:
" ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരിമണൽ ഖനനം നടന്ന ഭാഗങ്ങളിൽ സുനാമി ദുരന്തത്തിന്റെ ആഘാതം കൂടുതൽ ഉണ്ടായതായി ഏതെങ്കിലും റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കരിമണൽ ഖനനം മുഖേന സുനാമി പോലുള്ള പ്രകൃതി പ്രതിഭാസങ്ങൾ കൂടുതൽ അപകടകരമാകുമോയെന്നതിനെക്കുറിച്ച് പഠിക്കുവാൻ വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നകാര്യം സർക്കാർ ആലോചിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇത്തരത്തിലൊരു റിപ്പോർട്ട് ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly